Email : keralarcs@coop.kerala.gov.in
Website : www. cooperation. kerala.gov.in
Tel : No. 0471 2330726

ജി (1) 53667/12

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 9.11.2012

# സർക്കുലർ നമ്പർ 43/2012

വിഷയം: സഹകരണ വകുപ്പ് - തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന 7-മത് സഹകരണ **കോൺഗ്രസ്**-16.11.2012-ന് തൃശ്ശൂർ ജില്ലയിലെ സഹകരണ സ്ഥാപന ങ്ങൾക്ക് പൊതു അവധി അനുവദിക്കുന്നത്- സംബന്ധിച്ച്.

.................

അന്താരാഷ്ട്രാ സഹകരണ വർഷാചരണത്തിന്റെ ഭാഗമായി 2012 നവംബർ 13 മുതൽ 16 വരെ തൃശ്ശൂരിൽ തേക്കിൻകാട് മൈതാനത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ 7-ാം സഹകരണ കോൺഗ്രസ്സ് സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. 7-ാം സഹകരണ കോൺഗ്രസിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം പിന്നിട്ട വഴികളും കൈവരിച്ച നേട്ടങ്ങളും, ഏറ്റെടുക്കേണ്ട ചുമതലകളും, വെല്ലുവിളികളും സംബന്ധിച്ച് കൂട്ടായ ചർച്ചയ്ക്ക് വേദി ഒരുക്കുന്നു. **13.11.12** ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് വിളംബര ജാഥയും, പതാക കൊടിമര ജാഥ സ്വീകരണത്തോടെ ആരംഭിക്കുന്ന സഹകരണ കോൺഗ്രസ്സ് **16.11.2012** വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്ക് ആരംഭിക്കുന്ന സാംസ്ക്കാരിക ഘോഷയാത്ര തുടർന്നുള്ള പൊതു സമ്മേളനത്തോടെയാണ് അവസാനി ക്കുന്നത്. സാംസ്ക്കാരിക ഘോഷയാത്രയിലും തുടർന്നുള്ള പൊതു സമ്മേളനത്തിലും തൃശ്ശൂർ ജില്ലയിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും സഹകാരികളെയും പങ്കെടു പ്പിച്ച് വൻ വിജയമാക്കിത്തീർക്കുന്നതിനുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ള ത്. മേൽ സാഹചര്യത്തിൽ 16.11.2012 ലെ സാംസ്ക്കാരിക ഘോഷയാത്രയും തുടർന്നുള്ള പൊതു സമ്മേളനവും ആയത് വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് **16.11.2012**-ന് തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അവധി അനുവ ദിച്ച് ഉത്തരവാകുന്നു.

അവധി സംബന്ധിച്ച് ഇടപാടുകാർക്കും, അംഗങ്ങൾക്കും മുൻകൂർ അറിയിപ്പ് നൽകേ ണ്ടതാണ്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകൾ റിസർവ്വ് ബാങ്കിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**ഒപ്പ്**
**വി.സനൽകുമാർ ഐ.എ.എസ്**
സഹകരണസംഘം രജിസ്ട്രാർ

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) തൃശ്ശൂർ
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) തൃശ്ശൂർ
3. തൃശ്ശൂർ ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും ( ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും ( ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)

പകർപ്പ്-
സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
കൺവീനർ സ്വാഗതസംഘം 7-ാം സഹകരണ കോൺഗ്രസ്സ്
ജില്ലാ സഹകരണ ബാങ്ക് മന്ദിരം, കറുപ്പം റോഡ്,തൃശ്ശൂർ
സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(പ്ലാനിംഗ്)